## പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 360** **12.01.2021 – ൽ മറുപടിക്ക്.**

### റേഷൻ ആനുകൂല്യം ലഭിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. വി. അബ്ദുറഹിമാൻ :** | | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) മുൻഗണനാ കാർഡ് കൈയിലുണ്ടായിരുന്നിട്ടും റേഷൻ കടയിൽ ചെല്ലുമ്പോൾ ആനുകൂല്യം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും | ഒരു കുടുംബത്തിന് മുൻഗണനാ റേഷൻകാർഡ് അനുവദിക്കുമ്പോൾ റേഷൻകാർഡ് മാനേജ്മെന്റ് സിസ്റ്റത്തിൽ അത് മുൻഗണനാ വിഭാഗത്തിലേക്ക് മാറുന്നുണ്ടെങ്കിലും AePDS – ലെ കീ രജിസ്റ്റർ പ്രകാരമാണ് റേഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നത്. മാസത്തിൽ ഒരു തവണ മാത്രമാണ് കീ രജിസ്റ്റർ അപ്ഡേറ്റ് ചെയ്യുന്നത് എന്നതിനാൽ മുൻഗണനാ കാർഡ് അനുവദിച്ചാലും തൊട്ടടുത്ത മാസം മുതൽ മാത്രമേ അതു പ്രകാരമുള്ള റേഷൻ ആനുകൂല്യങ്ങൾ ലഭ്യമാകുകയുള്ളൂ. |
| (ബി) ഇപ്രകാരം മുൻഗണനാ കാർഡ് ഉണ്ടായിട്ടും റേഷൻ കടയിലെ വിവരങ്ങൾ പ്രകാരം ആനുകൂല്യം നിഷേധിക്കപ്പെടുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (ബി) യും | |
| (സി) ഇത് പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) യും | |

സെക്ഷൻ ഓഫീസർ